**പതിനാറാം കേരളനിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1648** **16-10-2026-ൽ മറുപടിയ്ക്ക്**

**<u>പ്രിയദർശിനി ബസ് സർവീസ്</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. മഞ്ഞളാംകുഴി അലി

ശ്രീ. സി. പി. ജോൺ
(ഗതാഗത വകുപ്പ് മന്ത്രി)

**(എ)** പ്രിയദർശിനി ബസ് സർവീസ് ആരംഭിച്ചതിനു ശേഷം പൊതുഗതാഗത സംവിധാനം ഉപയോഗിക്കുന്ന സ്ത്രീകളുടെ എണ്ണത്തിൽ എത്രമാത്രം വർദ്ധനവുണ്ടായി എന്ന് വിശദമാക്കാമോ;

**<u>മറുപടി:</u>** പ്രിയദർശിനി സൗജന്യ യാത്ര പദ്ധതി ആരംഭിച്ചതിനു ശേഷം പൊതു ഗതാഗത സംവിധാനം ഉപയോഗിക്കുന്ന സ്ത്രീകളുടെ എണ്ണത്തിൽ ഗണ്യമായ വർദ്ധനവുണ്ടായിട്ടുണ്ട്. 2026 ജൂൺ 15 മുതൽ 2026 ഒക്ടോബർ 11 വരെയുള്ള 119 ദിവസങ്ങളിൽ ആകെ 15,51,01,480 സൗജന്യ യാത്രകൾ നടന്നു. പ്രതിദിനം ശരാശരി 13.03 ലക്ഷം യാത്രകൾ. പദ്ധതിക്ക് തൊട്ടുമുമ്പുള്ളകാലയളവിൽ (01.06.2026 – 14.06.2026) ഓർഡിനറി സർവീസുകളിലെ വനിതാ യാത്രക്കാരുടെ പ്രതിദിന ശരാശരി 6.48 ലക്ഷം മാത്രമായിരുന്നു - 101 ശതമാനം വർധന.

| സൂചകം | പദ്ധതിക്ക് മുമ്പ് | ഇപ്പോൾ |
|---|---|---|
| വനിതാ യാത്രക്കാർ (ഓർഡിനറി), പ്രതിദിനം | 6.48 ലക്ഷം | 13.03 ലക്ഷം |

**(ബി)** ഒരു സ്ത്രീശാക്തീകരണ പദ്ധതി എന്ന നിലയിൽ ഇത് സമൂഹത്തിൽ ഉണ്ടാക്കിയിട്ടുള്ള പ്രതിഫലനം എന്തെല്ലാമാണ്;

**<u>മറുപടി:</u>** സ്ത്രീ ശാക്തീകരണ പദ്ധതി എന്ന നിലയിൽ ആരംഭിച്ച സ്ത്രീകൾക്കായുള്ള സൗജന്യയാത്ര പദ്ധതി നമ്മുടെ സമൂഹത്തിലെ എല്ലാ സ്ത്രീകൾക്കും പരിമിതി കൂടാതെ യാത്ര ചെയ്യുന്നതിനുള്ള അവസരം സൃഷ്ടിക്കുകയും ഇതിലൂടെ പങ്കാളിത്തപൂർണ്ണവും ഊർജ്ജ സ്വലവുമായ ഒരു സമൂഹ നിർമ്മിതിക്കും സ്ത്രീകളുടെ തൊഴിലവസരങ്ങളുടെ / വരുമാന വർദ്ധനവിനും സാമ്പത്തിക സാമൂഹിക ശാക്തീകരണത്തിനും കാരണമായിട്ടുണ്ട്.

**(സി)** പദ്ധതി നടപ്പിലാക്കുന്നതിലെ പ്രധാന വെല്ലുവിളികൾ എന്തൊക്കെയാണ്; ഇവ മറികടക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിക്കുന്നത്; വ്യക്തമാക്കുമോ?

**<u>മറുപടി:</u>** വെല്ലുവിളികൾ ഒന്നും നേരിടുന്നില്ല.

**സെക്ഷൻ ഓഫീസർ**